പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1891 — 04.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ ഡ്യൂട്ടി പരിഷ്കരണം

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി.

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ഡ്യൂട്ടി പരിഷ്കരണങ്ങളെ സംബന്ധിച്ച് 14.08.2017-ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ; ആയത് നടപ്പാക്കിയശേഷം കെ.എസ്.ആർ.ടി.സി.യിൽ ഡബിൾ ഡ്യൂട്ടി കണ്ടക്ടർക്കും ഡ്രൈവർക്കും അനുവദിച്ച് നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച് 14.08.2017-ലെ ഹൈക്കോടതിവിധി കെ.എസ്.ആർ.ടി.സി നടപ്പിലാക്കിയിട്ടില്ല. ടി ഉത്തരവിനെതിരെ ഹർജികക്ഷികൾ തന്നെ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരുന്നതും (WA.1799/17, 1994/17 etc.) ടി അപ്പീൽ ഹർജികളിലെ വിധിന്യായ പ്രകാരം 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടിക്രമം തീരുമാനിക്കണമെന്ന് ഉത്തരവായിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ഓർഡിനറി സർവ്വീസുകളിലും 09.09.2018 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>സിംഗിൾ ഡ്യൂട്ടികളിൽ പരമാവധി 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യിക്കാറില്ല. |
| (ബി) | കോടതിവിധി നടപ്പാക്കിയശേഷം എട്ട് മണിക്കൂറിലധികം ജോലി നോക്കേണ്ടിവന്ന കണ്ടക്ടർക്കും ഡ്രൈവർക്കും എട്ട് മണിക്കൂർ കഴിഞ്ഞുള്ള ജോലിക്ക് കോടതി പറഞ്ഞതും നിലവിലെ വേജസ് ആക്ട് പ്രകാരമുള്ളതുമായ വേതനം നൽകിയിരുന്നോ ; | | |
| (സി) | എങ്കിൽ എത്ര പേർക്ക് ഇപ്രകാരം അധിക ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും നൽകിയിരുന്നു; വിധി നടപ്പാക്കിയതു മുതൽ നാളിതുവരെ അതിനായി എന്തു തുക ഈ ഇനത്തിൽ ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | | |
| (ഡി) | കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെക്കൊണ്ട് എട്ട് മണിക്കൂറിലധികം പണിയെടുപ്പിക്കുമ്പോൾ | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി ഡ്രൈവർമാരെ നിയമപ്രകാരമല്ലാതെ അധിക സമയം ജോലി ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | ക്ഷീണം കാരണം ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതിനാൽ അപകടങ്ങൾ സർവ്വസാധാരണമാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | നിയോഗിച്ചിട്ടില്ല. ഡ്രൈവർമാരുടെ പിഴവ് മൂലം അപകടങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ നിശ്ചിത സമയം ജോലിക്ക് ശേഷം മാറ്റുന്നതിനും (ക്രൂ ചെയ്ഞ്ച്/ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും) ഡ്രൈവർ കം കണ്ടക്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | വിധി നടപ്പാക്കിയതു മുതൽ തലസ്ഥാന നഗരിയിലെ ഉൾപ്പെടെയുള്ള ഡിപ്പോകളിൽ ഒരു ഡ്യൂട്ടി കഴിഞ്ഞ് വരുന്ന കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും തുടർന്ന് മറ്റേതെങ്കിലും ഡ്യൂട്ടി നൽകിയിരുന്നോ; | (ഇ) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (എഫ്) | എങ്കിൽ ഇപ്രകാരം ഒരേ ദിവസം തന്നെ ഒന്നിലധികം ഡ്യൂട്ടി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഈ ഡ്യൂട്ടി മറ്റൊരു ദിവസത്തെ ഡ്യൂട്ടിയായി രേഖപ്പെടുത്തി നൽകുകയോ അല്ലെങ്കിൽ രേഖകളിൽ ഡ്യൂട്ടി രേഖപ്പെടുത്താതെ അധിക ഡ്യൂട്ടി ചെയ്യുന്ന ദിവസം ലഭിച്ച കളക്ഷൻ അടയ്ക്കുമ്പോൾ ഒരു നിശ്ചിത തുക സറണ്ടർ ചെയ്യാനാവുന്ന സംവിധാനം അനുവദിച്ച് നൽകുകയോ ചെയ്തിരുന്നോ; | (എഫ്) | ജീവനക്കാർ അവധി ദിവസങ്ങളിലും മറ്റും അധികമായി ചെയ്യുന്ന ഡ്യൂട്ടികളെയും ഒരു ദിവസത്തിൽ നിയമപ്രകാരം കൂടുതലായി ചെയ്യുന്ന ഡ്യൂട്ടികളും ജീവനക്കാരൻ ആവശ്യപ്പെടുന്ന പക്ഷം സറണ്ടർ ചെയ്ത് നൽകുന്നതാണ്. ജീവനക്കാർക്ക് ഇപ്രകാരം അധികമായി ലഭിക്കുന്ന ഡ്യൂട്ടി ആവശ്യമെങ്കിൽ കോമ്പൻസേറ്ററി ഓഫ് ആയി മറ്റൊരു ദിവസത്തെ ഡ്യൂട്ടിയായി എടുക്കാവുന്നതുമാണ്. |
| (ജി) | ഈ ഇനത്തിൽ നാളിതുവരെ ആകെ സറണ്ടർ ചെയ്ത് നൽകിയ തുകയുടെ കണക്ക് വ്യക്തമാക്കുമോ; | (ജി) | ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WA.1799/17, 1994/17 എന്നിവയിലെ ബഹു. കോടതി വിധിന്യായം |

| | | | |
|---|---|---|---|
| | എങ്കിൽ പ്രസ്തുത നടപടി കോടതി വിധിക്ക് വിധേയമായിട്ടാണോ നൽകിയിരുന്നത് ; നടപടി കോടതി പറഞ്ഞ പ്രകാരമല്ലെങ്കിൽ വിരുദ്ധ തീരുമാനം നടപ്പാക്കാനായതെങ്ങനെ എന്ന് വ്യക്തമാക്കുമോ? | | പ്രകാരം 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടി ക്രമം തീരുമാനിക്കണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ഓർഡിനറി സർവ്വീസുകളിലും 09.09.2018 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>ജീവനക്കാർ അവധി ദിവസങ്ങളിലും മറ്റും അധികമായി ചെയ്യുന്ന ഡ്യൂട്ടികളെയും ഒരു ദിവസത്തിൽ നിയമപ്രകാരം കൂടുതലായി ചെയ്യുന്ന ഡ്യൂട്ടികളും ജീവനക്കാരൻ ആവശ്യപ്പെടുന്ന പക്ഷം സറണ്ടർ ചെയ്ത് നൽകുന്നതാണ്.<br>2018 സെപ്റ്റംബർ മാസം മുതൽ നവംബർ മാസം വരെ സറണ്ടർ ചെയ്ത ആകെ തുക 5,15,37,737/- രൂപയാണ്. |

**സെക്ഷൻ ഓഫീസർ**